33818

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - ജില്ലാതല ICDS സെൽ, ICDS പ്രോജക്ട് ഓഫീസുകൾ എന്നിവിടങ്ങളിൽ കരാർ വ്യവസ്ഥയിൽ വാഹനം വാടകയ്ക്കെടുക്കുന്നത് - വാടക നിരക്ക് വർദ്ധിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.458/2016/സാനീവ** **തീയതി, തിരുവനന്തപുരം, 28.09.2016**

---

പരാമർശം: - (1) സാമൂഹ്യനീതി ഡയറക്ടറുടെ 26.07.2016 ലെ സി3-4341/2016 നമ്പർ കത്ത്
(2) 08.08.2016 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്

**ഉത്തരവ്**

സ്വന്തമായി വാഹനമില്ലാത്ത ജില്ലാതല ICDS സെൽ, ICDS പ്രോജക്ട് ഓഫീസുകൾ എന്നിവിടങ്ങളിൽ കരാർ വ്യവസ്ഥയിൽ വാഹനം വാടകയ്ക്കെടുത്താണ് ഉപയോഗിക്കുന്നത്. ജില്ലാതല ICDS സെല്ലുകളിൽ പ്രതിമാസം 1,500 കി.മീ. വരെ ₹17,000/- നിരക്കിലും, ICDS പ്രോജക്ടുകളിൽ പ്രതിമാസം 1,000 കി.മീ. വരെ ₹15,000/- നിരക്കിലും അധികരിച്ച് വരുന്ന ഓരോ കിലോമീറ്ററിനും ₹8/- നിരക്കിലുമാണ് (പരമാവധി ₹17,000/-) കരാർ വാഹനങ്ങൾക്ക് നിലവിൽ വാടക നിശ്ചയിച്ചിരിക്കുന്നത്. വർദ്ധിച്ച് വരുന്ന ഇന്ധന വില, വാഹന മെയിന്റനൻസ്, ഡ്രൈവർമാരുടെ ശമ്പള ചെലവുകൾ എന്നിവ കാരണം ഈ നിരക്കിൽ ടെണ്ടർ എടുക്കുന്നതിന് ആരും തയ്യാറാകുന്നില്ല എന്നാണ് സാമൂഹ്യനീതി ഡയറക്ടർ അറിയിച്ചിരിക്കുന്നത്. ജില്ലാതല ICDS സെല്ലുകളിൽ പ്രതിമാസം 1,500 കി.മീ. വരെ ₹25,000/- നിരക്കിലും, ICDS പ്രോജക്ടുകളിൽ പ്രതിമാസം 1,500 കി.മീ. വരെ ₹20,000/- നിരക്കിലും അധികരിച്ച് വരുന്ന ഓരോ കിലോമീറ്ററിനും ₹10/- നിരക്കിലും (പരമാവധി 1,750 കി.മീ.) വാടക നിശ്ചയിച്ചാൽ മാത്രമേ കരാർ വാഹനങ്ങൾ ലഭിക്കുകയുള്ളൂ എന്നും ആയതിനാൽ, ഈ നിരക്കിൽ വാഹനങ്ങൾക്ക് വാടക ഉയർത്തി അനുവദിക്കണമെന്നും പരാമർശം (1) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതിനാവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-102-47 Plan--97-Hiring of Vehicles എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്ന് വഹിക്കാവുന്നതാണ് എന്നും സാമൂഹ്യനീതിഡയറക്ടർ അറിയിച്ചിട്ടുണ്ട്.

2) 08.08.2016 ൽ ചേർന്ന സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗം ഈ ശുപാർശ പരിഗണിക്കുകയും നഗര പ്രദേശങ്ങളിലും തീര പ്രദേശങ്ങളിലും 750 കി.മീ. വരെ ₹15,000/- നിരക്കിലും, മലയോര പ്രദേശങ്ങളിൽ 1,000 കി.മീ. വരെ ₹18,000/- നിരക്കിലും, ഗ്രാമ പ്രദേശങ്ങളിൽ 1,000 കി.മീ. വരെ ₹17,000/- നിരക്കിലും വാടക നിശ്ചയിക്കണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി അംഗീകാരം നല്കുകയും ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്വന്തമായി വാഹനമില്ലാത്ത ജില്ലാതല ICDS സെൽ, ICDS പ്രോജക്ട് ഓഫീസുകൾ എന്നിവിടങ്ങളിൽ കരാർ വ്യവസ്ഥയിൽ വാഹനം വാടകയ്ക്കെടുക്കുന്നതിനായി വാടക നിരക്കിൽ വർദ്ധനവ് വരുത്തുന്നതിന്, നഗര പ്രദേശങ്ങളിലും തീര പ്രദേശങ്ങളിലും 750 കി.മീ. വരെ ₹15,000/- നിരക്കിലും, മലയോര പ്രദേശങ്ങളിൽ 1,000 കി.മീ. വരെ

₹18,000/- നിരക്കിലും, ഗ്രാമ പ്രദേശങ്ങളിൽ 1,000 കി.മീ. വരെ ₹17,000/- നിരക്കിലും വാടക നിശ്ചയിക്കണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി, ഈ സാമ്പത്തിക വർഷത്തെ 2235-02-102-47(P)-97-Hiring of Vehicles എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും വഹിക്കുന്നതിന് ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എ. ഷാജഹാൻ
സെക്രട്ടറി

സാമൂഹ്യനീതിഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ